ഭരണഭാഷ – മാതൃഭാഷ

**ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം**

(ഹാജർ : ശ്രീ.ബി.റ്റി.വി. കൃഷ്ണൻ, ബി.ടെക്)

**<u>ഉത്തരവ് : നമ്പർ ബി2/28101/2019/സിഇ തീയതി : 21/07/2020</u>**

വിഷയം :– ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - പരപ്പനങ്ങാടി മത്സ്യബന്ധനതുറമുഖ നിർമ്മാണം– ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ഉദ്യോഗസ്ഥരെ തിരികെ അയയ്ക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നു.

പരാമർശം :– 1 05–03–2020–ലെ സ.ഉ ( സാധാ) നം. 138/2020/മതുവ
2 06–03–2020–ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

കിഫ്ബിയുടെ ധനസഹായത്തോടെ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിന് ഈ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരെ ജോലിക്രമീകരണവ്യവസ്ഥയിൽ നിയമിച്ച് മേൽ പരാമർശ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ വകുപ്പിൽ 2020 വർഷത്തിൽ അസി.എക്സി. എഞ്ചിനീയർ തസ്തികയിലേയ്ക്ക് നടത്തിയ സ്ഥാനക്കയറ്റം നിമിത്തം അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവത്തിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനാൽ, ജോലിക്രമീകരണവ്യവസ്ഥയിൽ തുടരുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ മേൽ തസ്തികകളിലേയ്ക്ക് പുതുതായി നിയമനം നടത്തുന്നതുവരെ അവരവരുടെ മാതൃലാവണത്തിൽ തിരികെ നിയമിച്ച് ഉത്തരവാകുന്നു.

1. താനൂർ സബ് ഡിവിഷനിൽ ജോലിക്രമീകരണവ്യവസ്ഥയിലുള്ള അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. കെ. ജിത്തുവിനെ ഭരണസൗകര്യാർത്ഥം തിരികെ കൊയിലാണ്ടി സബ് ഡിവിഷൻ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

2. താനൂർ സബ് ഡിവിഷനിൽ ജോലിക്രമീകരണവ്യവസ്ഥയിലുള്ള ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. ഇമ്പിച്ചമ്മദിനെ ഭരണസൗകര്യാർത്ഥം തിരികെ ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു.ടിയാൻ അസിസ്റ്റന്റ് എഞ്ചിനിയർ കുമാരി. ഐശ്വര്യസുഗതൻ കൈകാര്യം ചെയ്തിരുന്ന സെക്ഷനിൽ പുതിയ നിയമനം ഉണ്ടാകുന്നതുവരെ പൂർണ്ണ അധികച്ചുമതല വഹിക്കേണ്ടതാണ്.

മേൽ ഉത്തരവുകൾ അടിയന്തര പ്രാബല്യത്തോടുകൂടി നടപ്പിലാക്കേണ്ടതാണ്.

ഒപ്പ്,
ചീഫ് എൻജിനീയർ

സ്വീകർത്താവ്,

1. ശ്രീ.കെ. ജിത്തു., അസി. എഞ്ചിനീയർ
2. ശ്രീ. ഇമ്പിച്ചമ്മദ്
   ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

പകർപ്പ് :–1. സൂപ്രണ്ടിംഗ് എൻജിനീയർ, ഉത്തരമേഖല.
2. എക്സിക്യൂട്ടീവ് എൻജിനീയർ, കോഴിക്കോട്, മലപ്പുറം
3 അസി.എക്സി. എഞ്ചിനീയർ, താനൂർ, കൺസ്ട്രക്ഷൻ ബേപ്പൂർ, കൊയിലാണ്ടി.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ